കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

താനൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 8/84/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/02/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS)
2)ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, മലപ്പുറം(ഇ.മെയിൽ)
3)കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ എം പി എം 8/84/26 തീയ്യതി: 11/02/2026

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2024 മുതൽ 04-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാം മനോഹർ വി കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	05-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സൽമ കെ	പ്രസിഡന്റ്	01-04-2024	27-05-2024
ശ്രീമതി. സൈനബ ചെനാത്ത്	പ്രസിഡന്റ്	28-05-2024	31-03-2025
ശ്രീമതി. ഗീത ഇ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	17-09-2024
ശ്രീ. വിജയകുമാർ വി	സെക്രട്ടറി	18-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബാബു ഷക്കീർ	അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	01-04-2024	31-03-2025
ശ്രീമതി. ജുമൈലത്ത്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-12-2024
ശ്രീ. സാദിർ ഇബ്ലു കാസിം	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-01-2025	31-03-2025
ശ്രീമതി. ജിൻസി ഐ	അസിസ്റ്റന്റ് എഞ്ചീനീയർ	01-04-2024	31-03-2025
ശ്രീമതി. അഞ്ജു കൃഷ്ണൻ വി പി	പട്ടികജാതി വികസന ഓഫീസർ	01-04-2024	09-09-2024
ശ്രീ. ശിഹാബുദ്ധീൻ പി	പട്ടികജാതി വികസന ഓഫീസർ	10-09-2024	31-03-2025
ശ്രീ. മഹേഷ് പി	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2024	30-09-2024
ശ്രീ. മുഹമ്മദ് നാസിം ഇ പി	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-10-2024	31-03-2025

ശ്രീമതി. ബിന്ദു പി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	13-08-2024
ശ്രീ. അനിൽകുമാർ അങ്ങാട്ട്	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	14-08-2024	31-03-2025
ഡോ. അൻവർ സാദത്ത്	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-04-2024	31-08-2024
ഡോ. ഹാഷിം പി പി	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-09-2024	31-03-2025
ശ്രീമതി. ഷൈജ പി	ശിശുവികസന പദ്ധതി ഓഫീസർ	15-07-2024	31-03-2025
ശ്രീമതി. ഷീജ സി കെ	ശിശുവികസന പദ്ധതി ഓഫീസർ (അഡീഷണൽ)	01-04-2024	10-07-2024
ശ്രീമതി. വിലാസിനി എൻ എ	ശിശുവികസന പദ്ധതി ഓഫീസർ (അഡീഷണൽ)	11-07-2024	31-03-2025
ശ്രീമതി. ബീന. സി. ജെ.	ശിശുവികസന പദ്ധതി ഓഫീസർ	01-04-2024	14-07-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	വാർഷിക കണക്കിൽ തുകകൾ നെഗറ്റിവ് ആയി രേഖപ്പെടുത്തി	1-1-4
6	വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ പത്രിക പ്രകാരവും, വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-5
7	ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-1-6
8	ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല	1-1-7
9	ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല	1-1-8
10	പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല	1-1-9
11	ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക B-17 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-10
12	വാടക രജിസ്റ്ററിലെ വരവ് , കുടിശ്ശിക എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പു പദ്ധതി	1-6
18	ക്ഷേമ പദ്ധതികൾ	1-7
19	ക്യാഷ് വെരിഫിക്കേഷൻ	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-11
23	പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-12
24	കംപ്യൂട്ടർ സെന്ററിൽ അഡ്മിഷൻ രജിസ്റ്റർ, ഫീ കളക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല	1-13
25	കേരളോൽസവം - അധികം തുക ചെലവഴിച്ചു	1-14
26	മരുന്നുകൾ ലഭ്യമായില്ല	1-15
27	ഗവ.എയ്ഡഡ് യു.പി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-വ്യവസ്ഥകൾക്ക് വിരുദ്ധം	1-16
28	വളവന്നൂർ സി.എച്ച്.സിയിലേക്ക് സോളാർ സിസ്റ്റം- പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-17
29	കാട്ടിലെ പറമ്പ് മുതൽ പൂഴിക്കുന്ന് വരെ റോഡ് പാലം നവീകരണം - അപാകതകൾ	1-18
30	മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച 37,739 രൂപ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി	1-19
31	അസി.എക്സി.എഞ്ചിനീയർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല	1-20
32	ബ്ലോക്ക് ഓഫീസിനുള്ളിൽ താനൂർ നഗരസഭയുടെ മൃഗാശുപത്രി പ്രവർത്തിക്കുന്നത് സംബന്ധിച്ച്	1-21
33	അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - സ്റ്റോക്കെടുപ്പ് അപാകതകൾ	1-22
34	IAY-ബാങ്ക് അക്കൗണ്ട്- നീക്കിയിരുപ്പ് തുക സംബന്ധിച്ച്	1-23
35	PMAY ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല	1-24
36	PMAY ഭവന നിർമ്മാണം-ആരംഭിച്ചില്ല	1-25
37	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല	1-26
38	ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രികകൾ ലഭ്യമാക്കേണ്ടതാണ്	1-27
39	കടമുറികൾ ലേലം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-28
40	Receivables From Government (Redemption) ഇനത്തിലെ തുക തിരികെ ലഭ്യമായില്ല.	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		

--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.	4-5
6	വായ്പ/വയ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2025 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം
തീയതി: 11/02/2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (89,71,967/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (1,00,92,405/-) തുല്യമല്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കിൽ തുകകൾ നെഗറ്റിവ് ആയി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് B3 ഷെഡ്യൂളിൽ Other Special Fund (Head 312100199) ഇനത്തിൽ നെഗറ്റീവ് സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു.

1-1-5 വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ പത്രിക പ്രകാരവും, വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു

കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ പത്രിക പ്രകാരവും, വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	ഫണ്ട്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ)	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ)			വ്യത്യാസം (രൂപയിൽ)
			റവന്യൂ ചെലവ് (ഷെഡ്യൂൾ I6)	മൂലധന ചെലവ് (ഷെഡ്യൂൾ B3)	ആകെ	

1	കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്	15727904	15748164	-	15748164	20260

1-1-6 ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 19138/- രൂപ വരവ് ഉണ്ട്. ആയതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-7 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല

Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ് I-17(A) പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-8 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല

31.03.2024 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 പ്രകാരമുള്ള “Capital Contribution” (ശീർഷകം- 312100101) എന്ന ശീർഷകത്തിലെ അതേ തുക തന്നെയാണ് 31.03.2025 ലെ ബാലൻസ് ഷീറ്റിലും ചേർത്തിരിക്കുന്നത്. [ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി " വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ " (പ്രൊജക്ട് നം.160/25) എന്ന പദ്ധതി പ്രവർത്തനം ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്.] വികസന ഫണ്ട് ഉൾപ്പടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിവിധ പ്രൊജക്ടുകളിലെ പ്രവൃത്തികളുടെ മൂല്യം “Capital Contribution” എന്ന ശീർഷകത്തിൽ ചേർക്കാത്തതാണ് ഇതിന് കാരണം. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിന് കാരണമാകുന്നത് 26.07.2011 ലെ ജി.ഒ.(എം.എസ്) നം.152/11/തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-1-9 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 17 പ്രകാരം താഴെ ചേർത്തിട്ടുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 ൽ ചേർത്ത് കാണുന്നില്ല

ക്രമ നം	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക (രൂപയിൽ)
1	450610103	Canara Bank – IAY LSGI Fund (A/C No. 1489101034295)	6,32,854

1-1-10 ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക B-17 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഈയാവശ്യത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലെ 31/3/25 ലെ നീക്കിയിരിപ്പ് B-17, RP-40(B) എന്നിവ യുമായി പൊരുത്തപ്പെടുന്നില്ല.

ഇനം/ബാങ്ക്	B4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക	B17 നീക്കിയിരിപ്പ്
Total Sanitation Campaign/KGB	183931	176104
PYCKA / SBI	149887	150873
Health Grant SBI	7070971	5265682
Literacy Scheme Grant SBI	166666	6000882

1-1-11 വാടക രജിസ്റ്ററിലെ വരവ് , കുടിശ്ശിക എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്ററിലെ വരവ് , കുടിശ്ശിക എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വരവ്

	Collection
വാടക രജിസ്റ്റർ പ്രകാരം	259759
വാർഷിക കണക്ക് പ്രകാരം (RP 43)	273839
വ്യത്യാസം	14080

കുടിശ്ശിക

	Collection
രജിസ്റ്റർ പ്രകാരം	രേഖപ്പെടുത്തിയില്ല
വാർഷിക കണക്ക് പ്രകാരം (അരിയർ) B15	681894

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
09.02.2024 ലെ 1/1 നം. തീരുമാനം	24.02.2025 ലെ 3/1 നം. തീരുമാനം .

1-3 സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)

മുന്നിരിപ്പ്	9918750
വരവ്	106103723
ആകെ	116022473
ചെലവ്	97131756
നീക്കിയിരിപ്പ്	18890717

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	0	35804000	35804000	35725856	78144
വികസന ഫണ്ട് (എസ്.സി.പി)	0	5715000	5715000	5715000	0
വികസന ഫണ്ട് (ടി.എസ്.പി)	0	0	0	0	0
CFC (Tied)	0	15539501	15539501	8096001	7443500
CFC (Un Tied)	0	6412588	6412588	7631903	-1219315
റോഡിതരം (സംരക്ഷണ ഗ്രാന്റ്)	0	29267000	29267000	17068902	12198098
റോഡ് (സംരക്ഷണ ഗ്രാന്റ്)	0	0	0	0	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	145	149938123	78	77004713	0	67	53.79

1-6 തൊഴിലുറപ്പു പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2025 ന് 12.00 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് ഇല്ല..

1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാവാതെ കിടക്കുന്നു. ലെഡ്ജർ പ്രകാരം മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയൽ 14,50,451 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

4. സുലേഖ ചെലവ് പത്രികക്ക് ആധികാരികത ഇല്ല. തൻവർഷത്തെ മുഴുവൻ ചെലവുകളും ഇതിൽ വരുന്നില്ല. ഉദാ-തൻവർഷത്തിൽ ബാവപ്പടി കെ.കെ പാറ റോഡ് പ്രവൃത്തിക്ക് വേണ്ടി(വളവന്നൂർ) അസി.എഞ്ജി 4,66,834 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ Sulekha ചെലവ് പത്രികയിൽ ചെലവ് വന്നിട്ടില്ല.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.08.2025	2024-25	02.09.2025
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.02.2015	2009-10 മുതൽ 2013-14 വരെ	25.04.2015

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി താനൂർ ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമിലാണ് തുക ലഭിക്കുന്നത്. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

വർഷം	സ്കീം -2
2021-22	NIL
2022-23	NIL
2023-24	27,57,000
2024-25	42,17,000
ആകെ	69,74,000

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ

വർഷം	സ്കീം - 2
2021-22	NIL
2022-23	NIL
2023-24	9,50,970
2024-25	862387
ആകെ	18,13,357

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ) : 52,65,682/-

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2023-24	ലാബ് ഉപകരണങ്ങൾ വാങ്ങൽ (123/24)	9,50,970
2024-25	ലാബ് ഉപകരണങ്ങൾ വാങ്ങൽ (148/25)	4,26,185
	വളവന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ പൊതുജനാരോഗ്യ യൂണിറ്റിലേക്ക് കമ്പൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ(160/25)	1,98,244
	ഹെൽത്ത് ഗ്രാന്റ് 2022-23 വളവന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് സജ്ജീകരണം(151/25)	2,37,958

ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 52,65,682/- രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്കുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലേക്കുള്ള സോളാർ പാനൽ സ്ഥാപിക്കലും ശേഷി വർധിപ്പിക്കലും എന്ന പ്രോജക്കു പ്രകാരം താനൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ 3 കെട്ടിടങ്ങളിൽ പദ്ധതി പ്രകാരം യഥാക്രമം 5kw ഹൈബ്രിഡ് സോളാർ നിലയം, 8kw ഹൈബ്രിഡ് സോളാർ നിലയം,നിലവിലെ 5kw ഓഫ് ഗ്രിഡ് നിലയം ഹൈബ്രിഡ് കൺവെർഷൻ സോളാർ നിലയം എന്നിവ യഥാക്രമം കൃഷിഡയറക്ടർ ഓഫീസ്,അസി.എഞ്ചിനീയറുടെ ഓഫീസ്,വ്യവസായ വികസന ഓഫീസ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനും ശേഷി വർധിപ്പിക്കുന്നതിനും വേണ്ടി ANERT മായി കരാറിലേർപ്പെടുകയും(No.21/TNRBP/25-25/10.3.2025) ANERT ലേക്ക് തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. (ഇൻവോയിസ് നം.04/GEN/ANERT/MLPM/2024-25 DTD:30.1.2025)

പ്രോജക്ട് വിശദാംശങ്ങൾ	കൈമാറിയ തുക/ബിൽ നം / തീയതി
നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലേക്കുള്ള സോളാർ പാനൽ സ്ഥാപിക്കലും ശേഷി വർധിപ്പിക്കലും അടങ്കൽ:27,00,000/- (മെയിന്റൻസ് ഫണ്ട്,റോഡിതരം) ചെലവ്:23,11,000	23,11,000 BRN: 24150563022401524838/ 13.3.2025: 23,11,000 രൂപ

മേൽപ്പറഞ്ഞ അപാകത ഓഡിറ്റ് എൻകയറി (നം.3/12.1.26)മുഖേന അറിയിച്ചതിന് 14.1.26ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ/വിനിയോഗ രേഖകൾ ഹാജരാക്കുന്നതാണെന്നും സോളാർ പാനലുകൾ അസി.എഞ്ചിനീയറുടെ ഓഫീസ് കെട്ടിടത്തിന്റെ മുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. കരാർപത്രിക പ്രകാരം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി പൂർത്തികരിക്കാത്തതിന് കരാർ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-13 കംപ്യൂട്ടർ സെന്ററിൽ അഡ്മിഷൻ രജിസ്റ്റർ, ഫീ കളക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ കംപ്യൂട്ടർ കോഴ്സിൽ പ്രാവീണ്യം നൽകുന്നതിനായി 01.06.2022 മുതൽ കംപ്യൂട്ടർ സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. ഭരണസമിതിയുടെ 23.05.2022 ലെ 4(1) നമ്പർ തീരുമാനപ്രകാരമാണ് കോഴ്സ് ഫീസുകൾ നിശ്ചയിച്ചത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Name Of Course	Duration (In Months)	Fee (RS)

Admission Fee		300
DTP	3	3500
MS Office	1	1500
Single Course	1	1200
Tally	2	3100
Data Entry	2	2800

വിദ്യാർഥികളിൽ നിന്ന് ഫീ വാങ്ങി ആയതിന് രശീത് നൽകി അത് പഞ്ചായത്തിൽ അടവാക്കുക അല്ലാതെ ഓരോ കോഴ്സിനും അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ എണ്ണം, അടവാക്കിയ ഫീ വിവരങ്ങൾ, ഫീ കുടിശ്ശിക വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ഒന്നും സെന്ററിൽ സൂക്ഷിക്കുന്നില്ല. ആയവ സൂക്ഷിച്ചാൽ മാത്രമേ സെന്ററിന്റെ പ്രവർത്തനം, വരവ് എന്നിവയിലെ സുതാര്യത ഉറപ്പുവരുത്താനാകൂ. കംപ്യൂട്ടർ സെന്ററിൽ അഡ്മിഷൻ രജിസ്റ്റർ, ഫീ കളക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 കേരളോൽസവം - അധികം തുക ചെലവഴിച്ചു

2024 ലെ ബ്ലോക്ക് തല കേരളോത്സവം സംഘടിപ്പിക്കുന്നതിന് നടത്തിപ്പ് ചെലവ് വഹിക്കുന്നതിന് 2024-25 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ 1,00,000രൂപയും തനത് ഫണ്ടിൽ 50,000/-രൂപയും മലപ്പുറം യുവജന ക്ഷേമ ബോർഡ് വിഹിതം 1,00,000/-രൂപയുംഉൾപ്പടെ ആകെ അടങ്കൽ 2,50,000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കേരളോൽസവം (പ്രൊജക്ട് നം-18/25)പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയും 2,50,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ.(സാധാ) 2151/2024/LSGD തീയതി 11.11.2024 പ്രകാരം കേരളോത്സവം സംഘടിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് 1,50,000/-രൂപ ചെലവഴിക്കാൻ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ കേരളോത്സവത്തിന് 250000രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു

ക്രമ നം	വൗച്ചർനം./ബിൽനം&തീയതി	തുക
1	24150530224015432 23 /15.3.25	54,445
2	24150530224010071 92/ 10.12.24	45,555
3	22400358/30.12.2024	1,00,000
4	22400521/22.3.25	50,000
	ആകെ	2,50,000

സർക്കാർ ഉത്തരവിന് വിരുദ്ധമായി ബ്ലോക്ക് തലത്തിൽ 1,00,000/-രൂപ (തനത് ഫണ്ട്) അധികം ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(7/12.1.26) നല്കിയതിന് കേരളോത്സവം പൂർത്തീകരിച്ചതിന് ശേഷമാണ് യുവജനക്ഷേമ ബോർഡ് വിഹിതം സാമ്പത്തിക പരിമിതി മൂലം അനുവദിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം ലഭിച്ചതെന്നും 1,00,000/-രൂപ അധികമായി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം തേടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്നതു വരെ തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 1,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-15 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം,വളവന്നൂർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	അടങ്കൽ/ ചെലവ്	ബിൽ നമ്പർ/തീയ്യതി,തുക	പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി	ലഭ്യമായ മരുന്നുകൾ, തുക	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക
1) 05/25, വളവന്നൂർ സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ	2,50,000/ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) ചെലവ്: 2,50,000	1.BRN-24150563021901227938/ 27.1.2025-2,50,000/-	PRF3176/24.1.2025: 2,50,000	0	2,50,000
2) 61/25 തൂവാല-വളവന്നൂർ സി.എച്ച.സിയിലെ ഡയാലിസിസ് സെന്ററിന് ഡയാലിസിസ് കിറ്റ്	14,80,000/ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) ചെലവ്: 14,79,990	1.24150563021901211813/22.01.2025: 13,66,887/- 2.24150563021901429963/05.03.2025:1,13,103/- ആകെ:14,79,990	1.PRF 2889/ 10.1.2025: 13,66,887 2.PRF 3446/ 4.2.2025:1,13,103	0	14,79,990
3) 07/25 ബ്ലോക്ക് തല പെയ്ൻ&പാലിയേറ്റീവ് കെയർ	8,00,000(വികസന ഫണ്ട്) ചെലവ്:6,31,826	24150563021901080315/23.12.2024:96,224	PRF2385/7.12.2024: 96,224	0	96,224
				ആകെ	18,26,214

മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.16 13.1.26) നല്കിയതിന് 14.1.26ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയിസ് സഹിതം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-16 ഗവ.എയ്ഡഡ് യു.പി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-വ്യവസ്ഥകൾക്ക് വിരുദ്ധം

പ്രോജക്ട് നം, പേര്	അടങ്കൽ / ചെലവ്	**വൗച്ചർനം.**തീയതി&തുക

74/ 24 ഗവ.എയ്ഡഡ് യു.പി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനു ഡിസ്ട്രോയർ സ്ഥാപിക്കൽ	17,25,500(ധനകാര്യ കമ്മീഷൻ അവാർഡ്) ചെലവ്:7,91,484/-	വൗച്ചർനം022300592/28.3.2024: 7,91,484/-
84/25 ഗവ.എയ്ഡഡ് യു.പി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനു ഡിസ്ട്രോയർ സ്ഥാപിക്കൽ (SO)	7,91,484(ധനകാര്യ കമ്മീഷൻ അവാർഡ്) ചെലവ്:7,91,484/-	22400389/31.12.2024: 7,91,484/-

2024-25 ൽ സ്പിൽ ഓവറായി ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ 2023-24 വർഷത്തെ വാർഷിക പദ്ധതിയായ ഗവ.എയ്ഡഡ് യു.പി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ ഡിസ്ട്രോയർ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 2023-24, 2024-25 വർഷങ്ങളിലായി കേരള വനിത വികസന കോർപ്പറേഷന്റെ ഷീപാഡ് പദ്ധതിയിൽ താനൂർ ബ്ലോക്ക് പഞ്ചായത്തിലെ 11 സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ, നാപ്കിൻ ഡിസ്ട്രോയർ, അലമാര എന്നിവ താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

ക്രമ.നം	സ്കൂളിന്റെ പേര്	വിതരണം ചെയ്ത ഷീപാഡ് എണ്ണം,തുക	അലമാര എണ്ണം,തുക	ഇൻസിനേറ്റർ എണ്ണം,തുക
1	ജി.എച്ച്.എസ്.ചെറിയമുണ്ടം (HSS)	500-12675രൂപ	1-13640	1-43985
2	ജി.എച്ച്.എസ്.ചെറിയമുണ്ടം (UPS)	350-887.25രൂപ	1-13640	1-43985
3	ജി.എച്ച്.എസ്.നിറമരുതൂർ (HSS&GS)	2000-50700രൂപ	2-27280	3-131955
4	ജി.യു.പി.എസ്.നിറമരുതൂർ (UPS)	1696-42994രൂപ	1-13640	3-131955
5	ജി.യു.പി.എസ്.കരിങ്കൽപാറ	524-13283രൂപ	1-13640	1-43985
6	ജി.വി.എച്ച്.എസ്.ചെട്ടിയാംകിണർ (HSS)	900-22815രൂപ	1-13640	2-87970
7	ജി.വി.എച്ച്.എസ്.ചെട്ടിയാംകിണർ (HS)	320-8112രൂപ	1-13640	1-43985
8	ജി.എച്ച്.എസ്.പൊന്മുണ്ടം	846--21446രൂപ	1-13640	2-87970
9	ജി.എച്ച്.എസ്.മീനടത്തൂർ	1408-35693രൂപ	1-13640	3-131955
10	ഡി.ജി.എച്ച്.എസ്.താനൂർ (HS&UP)	3582-90804രൂപ	3-40920	4-175940
11	ഡി.ജി.എച്ച്.എസ്.താനൂർ (HSS)	2340-59319 രൂപ	2-27280	2-87970
	ആകെ	14466-3,66,713	15-2,04,600	23-10,11,655

<u>അപാകങ്ങൾ</u>

1.കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)ാം ഉപവകുപ്പ് 3ം പട്ടികയിലെ മേഖലാടിസ്ഥാനത്തിലെ ചുമതലകൾ പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്തിലും, സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ്(ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി,അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പടെ),സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല ജില്ലാ പഞ്ചായത്തിലും നിക്ഷിപ്തമാണെന്നിരിക്കെ(കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ്(1) 5-ാ പട്ടിക) പ്രസ്തുത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയത് ക്രമത്തിലല്ല. ആയതിനാൽ ഇപ്രകാരം നോരിട്ട് നിർവ്വഹണം നടത്തിയതിന്റെ കാരണവും ടി പദ്ധതി നടപ്പാക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

2. 23 ഇൻസിനേറ്ററുകൾ ഇൻസ്റ്റാൾ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്കൂളുകളുമായിഫോൺ മുഖേന അന്വേഷിച്ചതിൽ ജി.എച്ച്.എസ്.ചെറിയമുണ്ടം(HSS),ജി.എച്ച്.എസ്.ചെറിയമുണ്ടം(UPS) എന്നീ സ്കൂളുകളിൽ ഇൻസിനേറ്ററുകൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നും ജി.എച്ച്.എസ്.മീനടത്തൂരിൽ 3എണ്ണത്തിൽ 2 എണ്ണം മാത്രമാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. 20 ഇൻസിനേറ്ററുകൾ ഇൻസ്റ്റാൾ ചെയ്തതിൽ 11എണ്ണം പ്രവർത്തന രഹിതമാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച മെഷീനുകൾ യഥാവിധി പരിപാലനം നടത്താത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (ന.17 /13.1.26) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയിൽ നിന്ന് നിരന്തര നിർബന്ധം ഉള്ളതിനാലാണ് പദ്ധതി എറ്റെടുത്ത് നടത്തിയതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചു. സർക്കാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. 14 ഇൻസിനേറ്ററുകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 6,15,790(14x43985) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

<u>1-17 വളവന്നൂർ സി.എച്ച്.സിയിലേക്ക് സോളാർ സിസ്റ്റം- പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വളവന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് സോളാർ സിസ്റ്റം സ്ഥാപിക്കൽ എന്ന പ്രോജക്ടു പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തി ആയി നടപ്പാക്കുന്നതിന് ANERT മായി കരാറിലേർപ്പെടുകയും (No.5/TNRBP/25/12.3.2025) 21,56,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (ഇൻവോയിസ് നം.04/GEN/ANERT/MLPM/2024-25 DTD:30.1.2025)

പ്രോജക്ട് വിശദാംശങ്ങൾ	കൈമാറിയ തുക/ബിൽ നം / തീയതി
156/25 വളവന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് സോളാർ സിസ്റ്റം സ്ഥാപിക്കൽ അടങ്കൽ:21,56,000/- (മെയിന്റൻസ് ഫണ്ട്,റോഡിതരം) ചെലവ്:21,56,000	BRN241505630219015518 44/15.3.2025: 21,56,000

പൂർത്തീകരണ / വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18 /13.1.26)നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ച റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പൂർത്തീകരണ / വിനിയോഗ രേഖകൾ സമർപ്പിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കരാർ രേഖ പ്രകാരം കരാർ തിയതി മുതൽ 60 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ ഓഡിറ്റ് തീയതി വരെ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.കരാർ വ്യവസ്ഥ ലംഘിച്ചതിന് അനെർട്ടിനെതിരെ കരാർ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ / വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-18 കാട്ടിലെ പറമ്പ് മുതൽ പൂഴിക്കുന്ന് വരെ റോഡ് പാലം നവീകരണം - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിയർ

പ്രോജക്റ്റ് - SO34/25

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൗച്ചർ – 22400567/30.3.25 -452257

എം. ബുക്ക് - E M Book

കരാർ - 22/20.2.25

മൂല്യനിർണ്ണയം - 452257

കരാറുകാരൻ - അലി. C

Cost Index -36.44% (DSoR 2018)

PRICE ID- 76632/2024

TS- 39968/22.11.24 – 5,00,000

കാട്ടിലെ പറമ്പ് മുതൽ പൂഴിക്കുന്ന് വരെ റോഡ് പാലം നവീകരണ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. പ്രവൃത്തിയുടെ ഇനം 1 പ്രകാരം നിലവിലുള്ള കരിങ്കൽ കെട്ട് പൊളിച്ച് മാറ്റിയതിന് DSR Observed Data (182978/24) പ്രകാരമുള്ള 644.86/M3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. **കരിങ്കൽ കെട്ട്** പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് - കോഡ് 2.7.D- ഉള്ളതുമാണ്. ഈ പ്രവൃത്തികളുടെ മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് അനുവദിച്ചത് കാരണം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായി.

ചെയ്ത അളവ്	നൽകിയ തുക (OD പ്രകാരം)	നൽകാവുന്ന തുക (MoRD Code 2.7.D പ്രകാരം)	അധികം
21.075 M^3	12750.38 21.075 M^3 X 605 M3 (644.86/M3-6.182%)	8117.45 21.075 M^3 X 385.17 M3 (410.56/M3-6.182%)	5467 (4632.93+18% GST)

2. ഇനം 3 പ്രകാരം പ്രവൃത്തിയുടെ ഭാഗമായി 16.501 M3 മണ്ണ് കട്ട് ചെയ്ത് മാറ്റിയിട്ടുണ്ട്. 40 Cm കനത്തിലാണ് മണ്ണ് കട്ട് ചെയ്ത് മാറ്റിയിട്ടുള്ളത്. ആയതിന് MoRD Code 3.5.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. വീതിയുള്ള റോഡിൽ മണ്ണ് കട്ട് ചെയ്തതിന് അനുവദിക്കാവുന്നത് MoRD Code 3.5.2 പ്രകാരമുള്ള നിരക്കാണ്. തൻവർഷത്തിൽ ചെയ്ത മറ്റ് പ്രവൃത്തികളിൽ ഇത്തരം പ്രവൃത്തികൾക്ക് MoRD Code 3.5.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം
16.501 M3 X 338/M3 (360.75/M3-6.30%) = 5577.34	16.501 M3 X 338/M3 (60.38/M3-6.30%) = 996.33	**5406** **(4581.01+18% GST)**

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - **10873** രൂപ

പ്രവൃത്തികളിലെ അപാകതകൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/12.1.26) മറുപടിയായി ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയിൽ അധികം നൽകിയ 5467 രൂപ തിരിച്ചടവാക്കി രസീതി (R-B 101200-25000205/14.1.26) ഹാജരാക്കി. ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയിൽ 3 മീറ്റർ വീതിയുള്ള റോഡിന്റെ തുടക്കത്തിലെ കൾവർട്ടിന്റെ സ്ലാബിന്റെ നീളം കൂട്ടുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എന്നാൽ റോഡിന്റെ ഒരു ഭാഗം തോടായതിനാൽ കോൺക്രീറ്റിന്റെ കുറച്ച് ഭാഗം പൊട്ടിക്കേണ്ടി വന്നതിനാലും JCB ഉപയോഗിച്ച് മണ്ണ് കട്ട് ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് MoRD Code 3.5.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിക്കേണ്ടി വന്നത് എന്നറിയിച്ചു. എന്നാൽ മേൽ കാര്യങ്ങളൊന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതായി കാണുന്നില്ല എന്നിരുന്നാലും സൈറ്റ് കണ്ടീഷൻ അനുസരിച്ചാണ് മണ്ണ് കട്ട് ചെയ്യുന്നതിന് MoRD Code 3.5.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിക്കേണ്ടി വന്നത് എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച 37,739 രൂപ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി 37,739 രൂപ തിരിച്ചടവാക്കി.

പ്രവൃത്തി	അപാകത	ഓഡിറ്റ് അന്വേഷണം നമ്പർ	തിരിച്ചടവാക്കിയ തുക	രസീത് നമ്പർ
പൈറ്റ്ലായിക്കുളം സംരക്ഷണം (SO095/25)	സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി	15 / 12.1.25	17,649	R-B 101200-25000205/14.1.26
ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ സെന്റർ, ടൈലറിംഗ് സെന്റർ, ഡോർമിറ്ററി അറ്റകുറ്റപണി-അപാകത (SO305/25)	കരാറുകാരൻ കാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയില്ല	11/ 12.1.25	3875	R-B 101203-25000205/14.1.26
ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ അറ്റകുറ്റപണി (SO215/25)	സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി മണ്ണ് കുഴിച്ചെടുത്തതിന് തെറ്റായ നിരക്ക് നൽകി റാന്റം റബിൾ മേസന്റി ചെയ്തതിന് തെറ്റായ നിരക്ക് നൽകി	13/ 12.1.25	4152	R-B 101206-25000205/14.1.26
ആവിത്തോട് പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കൽ (SO101/25) പാപ്പുണ്ണിത്തറ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കൽ (SO110/25) ഇല്ലത്തപ്പടി തെറോൾ തോട് നവീകരണം (SO041/25)	ചെയ്യാത്ത ഇനത്തിന് തുക നൽകി.	27/14.1.26	9178	R-B 101208-25000205/14.1.26
ആവിത്തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ (SO101/25) വളവന്നൂർ CHC ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് സജ്ജീകരണം (168/25) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ പെയ്ന്റിംഗ് (SO100/25)	പ്രവൃത്തികളുടെ മേൽ ഇൻസുറൻസ് പരിരക്ഷ എടുത്തിട്ടില്ല	14/ 12.1.25	2885	R-B 101204-25000205/14.1.26
			37,739	

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 അസി.എക്സി.എഞ്ചിനീയർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എക്സി.എഞ്ചിനിയറുടെ പേരിൽ താനൂർ SBI ശാഖയിൽ ഉള്ള 00000035043333292 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ വരുന്നത്. 31.3.2025 ന് 152634 രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. ഇത് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ ആണെന്ന് ബോധ്യപ്പെട്ടു. സാമ്പത്തിക വർഷ അവസാനത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ

വാർഷിക കണക്ക് തയ്യാറാക്കിയപ്പോൾ തൻവർഷത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

അപാകതക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/14.1.16) മറുപടിയായി മാർച്ച് മാസത്തിലെ തിരക്കുകൾ കാരണം സംഭവിച്ച അപാകതയാണെന്ന് അറിയിച്ചു. 2025-26 വർഷത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട് എന്നും അറിയിച്ചു. ടെണ്ടർ ഫീസിനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും അതാത് വർഷത്തിൽ തന്നെ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ബ്ലോക്ക് ഓഫീസിനുള്ളിൽ താനൂർ നഗരസഭയുടെ മൃഗാശുപത്രി പ്രവർത്തിക്കുന്നത് സംബന്ധിച്ച്

താനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനുള്ളിലെ ICDS ഓഫീസ് കെട്ടിടത്തിൽ താനൂർ നഗരസഭയുടെ മൃഗാശുപത്രി വർഷങ്ങളായി പ്രവർത്തിച്ചു വരുന്നുണ്ട്. 2014 ൽ താനൂർ മിനി സ്റ്റേഷൻ നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു മുൻ വശത്തെ കെട്ടിടം പൊളിച്ചു മാറ്റിയപ്പോൾ അതിൽ പ്രവർത്തിച്ചിരുന്ന മൃഗാശുപത്രി കെട്ടിടം പൊളിക്കുകയും ബഹു.ജില്ലാ കളക്ടറുടെ 6.5.2014 ലെ G7.22011/2014 നമ്പർ പ്രകാരമുള്ള യോഗ നടപടി കുറിപ്പിൽ പുതിയതായി പണിയുന്ന താനൂർ മിനി സ്റ്റേഷൻ കെട്ടിടത്തിൽ 135 ച.മീ സ്ഥലം പ്രത്യേക പ്രവേശന കവാടത്തോട് കൂടി താഴെത്തെ നിലയിൽ അനുവദിക്കാമെന്നു തീരുമാനിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ താനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനുള്ളിലെ ICDS ഓഫീസ് കെട്ടിടത്തിൽ താൽകാലികമായി 6 മാസത്തേക്ക് മൃഗാശുപത്രി പ്രവർത്തിക്കാൻ അനുമതി നൽകികുയും ചെയ്തു. മിനി സിവിൽ സ്റ്റേഷൻ പൂർത്തീകരിക്കുന്നത് വരെ താൽകാലികമായി പ്രവർത്തിക്കാനുള്ള അനുമതിയാണ് നൽകിയത്. എന്നാൽ 2017 ൽ മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയായെങ്കിലും മൃഗാശുപത്രി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല. ICDS ഓഫീസ് കെട്ടിടത്തിലെ CDPO യുടെ ഓഫീസ് പ്രവർത്തിക്കുന്നത് മുകൾ നിലയിലായതിനാൽ സാമൂഹ്യ നീതി, വനിതാ ശിശു വികസന വകുപ്പിന്റെ പല പദ്ധതികളും നിർവഹണം നടത്തുന്ന സാഹചര്യത്തിൽ ഭിന്ന ശേഷിയുള്ള വ്യക്തികൾ, വയോജനങ്ങൾ, ഗർഭിണികൾ എന്നിവർക്ക് പ്രയാസം നേരിടുന്ന അവസ്ഥയുണ്ട്. മാത്രമല്ല ന്യൂട്രീഷൻ ക്ലിനിക്ക്, പാരന്റിംഗ് ക്ലിനിക്ക്, കൗൺസിലിംഗ് എന്നിവയും ഓഫീസിന്റെ സ്ഥലപരിമിതി മൂലം നടത്താൻ ബുദ്ധിമുട്ടുന്നു സാഹചര്യവും നിലവിലുണ്ട്. സ്ഥലപരിമിതി CDPO യുടെ ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്ന അവസ്ഥ പരിഗണിച്ച് താനൂർ നഗരസഭയുടെ മൃഗാശുപത്രിയെ അവിടെ നിന്നും മാറ്റാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിൻമേലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-22 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - സ്റ്റോക്കെടുപ്പ് അപാകതകൾ

നിർവ്വഹണം - അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

പദ്ധതി: - 119/25, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ

അടങ്കൽ- 150000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 51701/- ബിൽ നം. 241505630220009628 94/28.11.2024 (ഡെസ്ക്ടോപ്പ് കംപ്യൂട്ടർ)

മേൽ പദ്ധതി പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ഓഫീസിലേക്ക് CPRCS മുഖേനെ കെൽട്രോണിൽ നിന്ന് ഒരു ഡെസ്ക്ടോപ്പ് കംപ്യൂട്ടർ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം, തുക	ഉപകരണം , സീരിയൽ നമ്പറുകൾ	കുറിപ്പ്
ഡെലിവെറി ചലാൻ നമ്പർ ലഭ്യമല്ല	Desktop High End Windows 11 Intel Processor (I5, 16GB RAM, 512 SSD). Monitor, Keyboard, Mouse	പ്രൊഫോർമ ഇൻവോയിസ് (55593-/26.11.2024) പ്രകാരം Monitor, Keyboard, Mouse ഉൾപ്പടെ 5 Year Onsite OEM വാറണ്ടി ഉണ്ട്

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ സ്റ്റോക്കെടുപ്പ് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫറ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

2) പ്രൊഫോർമ ഇൻവോയിസ് (55593-/26.11.2024) പ്രകാരം ഡെസ്ക്ടോപ്പ് കംപ്യൂട്ടറിന് 51701 രൂപയും ഇ വേ ബിൽ 531781102440/03.30.25 പ്രകാരം ഡെസ്ക്ടോപ്പ് കംപ്യൂട്ടറിന് 49712 രൂപയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1989 രൂപയുടെ വ്യത്യാസം കാണുന്നു. യഥാർത്ഥ ടാക്സ് ഇൻവോയിസ്/ഡെലിവെറി ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3) മേൽ ഉപകരണങ്ങൾ രജിസ്റ്ററിൽ ലഭ്യമായ തിയതിക്ക് പേര്, വില, പ്രൊഫോർമ ഇൻവോയിസ് നമ്പർ എന്നിവ ചേർത്ത് രേഖപ്പെടുത്തിയതല്ലാതെ, വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ടാക്സ് ഇൻവോയിസ്/ഡെലിവെറി ചലാൻ എന്നിവ ചേർത്ത് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കിൽ എടുത്തിട്ടില്ല. രേഖപ്പെടുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥനോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

4) ലഭ്യമാക്കിയ രജിസ്റ്ററുകളിൽ സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ രജിസ്റ്ററിലുള്ള എല്ലാ ഉപകരണങ്ങളും നിലവിൽ ഓഫീസിൽ പ്രവർത്തനക്ഷമമായി ഉണ്ടോ എന്നതും വ്യക്തമല്ല

5) ലഭ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വിദഗ്ധർ പരിശോധിച്ച് ഉറപ്പ് വരുത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.

6) ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ ടാക്സ് ഇൻവോയിസ്/ഡെലിവെറി ചലാനിൽ സ്റ്റോക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തി ഇൻവോയിസ് ക്യാൻസൽ ചെയ്ത് ശേഷമാണ് വിതരണക്കാരന് പണം അനുവദിക്കാവുന്നത്. എന്നാൽ ആയവ രേഖപ്പെടുത്തിയത് പ്രൊഫോർമ ഇൻവോയിസിലാണ്. ആയത് ക്രമ പ്രകാരമല്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 05/24-25/12.01.2026) ന് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്തി സ്റ്റോക്ക് രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 IAY-ബാങ്ക് അക്കൗണ്ട്- നീക്കിയിരുപ്പ് തുക സംബന്ധിച്ച്

സെക്രട്ടറിയുടെ പേരിൽ IAY അക്കൗണ്ടിൽ (A/C NO.14891010342 95 കാനറാ ബാങ്ക് താനൂർ ബ്രാഞ്ച്) 31.3.2025ൽ 6,32,854 രൂപ നീക്കിയിരുപ്പുണ്ട്. ആയതിന് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി നല്കിയതിന് (നം.20/13.1.26) ലഭ്യമാക്കിയ മറുപടിയിൽ 2025 -26 വാർഷിക പദ്ധതിയിൽ നിന്നും പി.എം.എ വൈ(ജി) പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുന്ന മുറയ്ക്കും ട്രഷറി നിയന്ത്രണം വരികയാണെങ്കിലും പ്രസ്തുത അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 PMAY ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ വൈ ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അവസാനമായി തുക നൽകി ഏറെക്കാലം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പേര് ,വിലാസം PMAY ID	കരാർ വെച്ച തീയതി	ആദ്യ തുക അനുവദിച്ച തീയതി	ആകെ നൽകിയത്	റിമാർക്ക്

1	**കമറുന്നീസ,** നിറമരുതൂർ(ജനറൽ) NO.KL1171937	**17.2.2023**	**29.4.2023**	**48000**	**ബേസ് മെന്റ് നിർമ്മാണം പൂർത്തീകരിച്ചു**

2	**കാലൻങ്ങൊടി വടക്കുമ്പാട്ട്(എസ്.സി)** താനാളൂർ KL 147681041	**26.2.2022**	**4.3.2022**	**3,06,000**	**ലിന്റൽ വരെ പൂർത്തീകരിച്ചു**

3	**അനില(എസ്.സി)** നിറമരുതൂർ KL1010150	**19.9.2021**	**28.9.2021**	**3,76,000**	**ലിന്റൽ വരെ പൂർത്തീകരിച്ചു**

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.22 /13.1.26) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1. ഗുണഭോക്താവിന്റെ ഭൂമി CRZ പരിധിയിൽ ആയതിനാൽ ഭവന നിർമ്മാണത്തിന് അനുമതി ലഭിച്ചിരുന്നില്ല എന്നും ആയതിൽ ഇളവുകൾ ലഭിച്ചതിനെ തുടർന്ന് സെൽഫ് പെർമിറ്റ് എടുക്കുകയും ബേസ് മെന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ക്രമ നം.2,3 ഗുണഭോക്താക്കൾ ലിന്റൽ ഉയരം വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നേരിട്ട് സന്ദർശിച്ചും ഫോൺമുഖേനയും ആവർത്തിച്ച് നിർദ്ദേശം നൽകിയെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾ നടപടികൾ സ്വീകരിക്കാത്തതിനാൽ റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 PMAY ഭവന നിർമ്മാണം-ആരംഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ വൈ ഭവന നിർമ്മാണ പദ്ധതിയുടെ 2024-25 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റി ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പേര് ,വിലാസം PMAYID	ആദ്യ തുക അനുവദിച്ചതീയതി	ആകെ നൽകിയത്

1	**ഫാരിഷ** നിറമരുതൂർ ഗ്രാമപഞ്ചായത്ത് NO.KL14447439	**29.11.2023**	**48000**

2	**സീനത്ത്** താനാളൂർ KL 103437603	**27.11.2024**	**4800**

3	**ജറീ കോട്ടയിൽ** വളവന്നൂർ ഗ്രാമ പഞ്ചായത്ത് KL1010150	**20.1.2025**	**48000**

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകൃയറി(നം.24 /14.1.26) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-26 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊജക്ട്	:	എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (SO 67/25)
അടങ്കൽ	:	1000000 (വികസന ഫണ്ട് എസ്.സി.പി)
ചെലവ്	:	800000 (വികസന ഫണ്ട് എസ്.സി.പി)
ബിൽ നം/ തിയ്യതി/ തുക	:	241505630222100159225/09.05.24/60000 241505630222100159231/09.05.24/60000 241505630222100159233/09.05.24/30000 241505630222100731148/01.10.24/25000 241505630222101071823/20.12.24/120000 241505630222101071861/20.12.24/200000 241505630222101159710/10.01.25/60000 241505630222101294001/07.02.25/80000 241505630222101440016/06.03.25/60000 241505630222101440022/06.03.25/75000 241505630222101581962/18.03.25/30000
നിർവ്വഹണോദ്യോഗസ്ഥൻ	:	എസ്.സി.ഡി.ഒ

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനായി ആരംഭിച്ച പദ്ധതിയിലേക്ക് തൻവർഷം മേൽ പദ്ധതി പ്രകാരം മുകളിൽ കൊടുത്തത് പോലെ പണം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) 2023 - 2024 വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരമുള്ള പഠനമുറി പല ഗുണഭോക്താക്കളും നാളിത് വരെ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നിലവിലെ അവസ്ഥ	അനുവദിച്ച് നൽകിയ തുക
1	ആര്യ നന്ദ D/O അനിത കെ പി	മൂന്നാം ഘട്ടം പൂർത്തീകരിച്ചു	170000 (80000 രൂപ 2025-26 വർഷം അനുവദിച്ചതാണ്)
2	അനാമിക ബാബു D/O ഷൈനി	രണ്ടാം ഘട്ടം പൂർത്തീകരിച്ചു	90000 (60000 രൂപ 2025-26 വർഷം അനുവദിച്ചതാണ്)
3	വിസ്മയ D/O അയ്യപ്പൻ	മൂന്നാം ഘട്ടം പൂർത്തീകരിച്ചു	170000 (80000 രൂപ 2025-26 വർഷം അനുവദിച്ചതാണ്)
4	അർച്ചന D/O പങ്കജാക്ഷി	മൂന്നാം ഘട്ടം പൂർത്തീകരിച്ചു	170000 (80000 രൂപ 2025-26 വർഷം അനുവദിച്ചതാണ്)

2) ക്രമ നമ്പർ 1,2,3 ഗുണഭോക്താക്കൾ 06.02.2024 നും ക്രമ നമ്പർ 4 ഗുണഭോക്താവ് 12.02.24 നും ഒന്നാം കക്ഷി ആയും SCDO രണ്ടാം കക്ഷി ആയും കരാർ എഴുതി ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആയതിൽ രണ്ടാം കക്ഷി ഒപ്പ് വെച്ചിട്ടില്ല.

3) മേൽ കരാർ പ്രകാരം 31.03.24 ന് പണി പൂർത്തീകരിക്കുമെന്ന് കരാറിൽ എർപ്പെട്ടിട്ടുണ്ടെങ്കിലും നാളിത് വരെ പണി പൂർത്തീകരിച്ചിട്ടില്ല.

കരാറിൽ ഒപ്പ് വെക്കാത്തത് മനപൂർവ്വമല്ലെന്നും ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുമെന്നും പണി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട കക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മേൽ അപാകതയിൽ നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 04/24-24 തിയ്യതി : 12.01.2026) മറുപടി ലഭ്യമാക്കി. പണി പൂർത്തിയാക്കി വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും പ്രൊജക്ട് ലക്ഷ്യം കൈവരിക്കാൻ നിർവ്വഹണദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-27 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രികകൾ ലഭ്യമാക്കേണ്ടതാണ്

C H C വളവന്നൂർ, ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2012 - 2013 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് രേഖകൾ ബന്ധപ്പെട്ട വാർഷിക ധനകാര്യപത്രികകൾ ഉൾപ്പെടെ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.(എൻകൃയറി നം.26/14.1.26).ആയത് ലഭ്യമാക്കേണ്ടതാണ്.

1-28 കടമുറികൾ ലേലം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് മിനി മാർക്കറ്റിംഗ് സെന്ററിൽ താഴത്തെ സെന്ററിൽ 5 മുറികളും ഒന്നാം നിലയിൽ 4 മുറികളും ആയി ആകെ 9 കട മുറികളുണ്ട്. നിലവിൽ ഒന്നാം നിലയിലെ 2 മുറികൾ വാടകക്കാർ ഇല്ലാതെ ഒഴിഞ്ഞ് കിടക്കുകയാണ്. മുറികൾ വാടകയ്ക്ക് നൽകുന്നതിനായി അവസാനമായി ലേലം നടത്തിയത് 20.01.2025 നാണ്. അതിന് ശേഷം നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കാണുന്നു.ലേലം ചെയ്യാനാവശ്യമായ നടപടികൾ

സ്വീകരിക്കുമെന്ന് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. കടമുറികൾ പുനഃലേലം നടത്തി തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-29 Receivables From Government (Redemption) ഇനത്തിലെ തുക തിരികെ ലഭ്യമായില്ല.

വാർഷിക കണക്കിലെ Receivables From Government (Redemption) പ്രകാരം 2023-24 വർഷത്തിൽ 1,32,43,022/- രൂപയും 2024-25 വർഷത്തിൽ 1,31,63,376/- രൂപയും (Schedule RP-43) കൂടി ആകെ 2,64,06,398/- രൂപ (Schedule B-15) തിരികെ ലഭിക്കാനുണ്ട്. ടി തുക ലഭ്യമായതായി കാണുന്നില്ല. തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

താനൂർ ബ്ലോക്ക്പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ, 01.04.2024 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരുടെ വിവരം)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
32	132500	132500		

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്
1	ജൂൺ 2024	10500	10500		

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്
1	ജനുവരി 2025	4500	1000	3500	

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	05.01.2026 മുതൽ 14.01.2026 വരെ	ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1, അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്.

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക്	പദ്ധതി പേരും നമ്പറും	ചെലവഴിച്ച തുക (രൂപ)	നീക്കിയിരിപ്പ്
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്	70000	പ്രോജക്ട് നം. 11/25 പി.എം.എ.വൈ ജനറൽ ഭവന പദ്ധതിക്ക് വിഹിതം നൽകൽ	70000	0

4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

നിർവ്വഹണ എജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ/ബിൽ/ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
അനർട്ട്	നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലേക്കുള്ള സോളാർ പാനൽ ശേഷി വർദ്ധിപ്പിക്കൽ	BRN24150563022401524838/13.3.2025	2311000	0	പൂർത്തീകരിച്ചില്ല	2311000
അനർട്ട്	വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സോളാർ സിസ്റ്റം	BRN24150563021901551844/15.3.2025	2156000	0	പൂർത്തീകരിച്ചില്ല	2156000

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

4-6 വായ്പ/വയ്പ തിരിച്ചടവ്

ഇല്ല.

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം. തിയ്യതി
2023 – 24	1-20	6455	AE, LSGD	1822/16 – 10.02.2025

കുറിപ്പ്
വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുക 19,138/- രൂപ ആണ്. അതിൽ 12,683/- രൂപ പെർഫോമൻസ് ഓഡിറ്റ് റിക്കവറി ആണ്. 6455/- രൂപയേ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിക്കവറി ഉള്ളൂ.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2010-11, 2011-12, 2012-13	3-15	2013-14	ലഘു അവലോകനം	പ്രോക്യൂർമെന്റ് മാനുവൽ	തീർപ്പാക്കിയിട്ടില്ല

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	10,61,03,723
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	9,71,31,756
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7,15,790

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക.	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	1,00,000	ശ്രീ. വി വിജയകുമാർ, സെക്രട്ടറി
1-16	6,15,790	ശ്രീമതി. ഷൈജ പി, സി ഡി പി ഓ
ആകെ.	7,15,790	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.
ഇല്ല.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശ്യപ്പെടുന്ന ഖണ്ഡികകളുടെ എണ്ണം
1995-96 1996-97	എൽ എഫ് എം 4/3371/14 തിയ്യതി 21.02.2015	2
1997-98	എൽ എഫ് എം 4/3372/14 തിയ്യതി 21.02.2015	2
1998-99 ചെലവ്	എൽ എഫ് എം 4/2642/11 തിയ്യതി 21.02.2015	16
1998-99 ഡി സി ബി	എൽ എഫ് എം 12/548/10 തിയ്യതി 03.06.2010	2
1999-2000	എൽ എഫ് എം 4/3071/14 തിയ്യതി 21.02.2015	10
2000-01 വരവ്	എൽ എഫ് എം 4/3168/14 തിയ്യതി 21.02.2015	8
2001-02 ചെലവ്	എൽ എഫ് എം 4/2864/14 തിയ്യതി 21.02.2015	13
2002-03	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	9
2003-04	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	8
2004-05	എൽ എഫ് എം 4/1071/14 തിയ്യതി 21.02.2015	9
2005-06	എൽ എഫ് എം 4/3072/14 തിയ്യതി 23.02.2015	10
2006-07	എൽ എഫ് എം 4/2794/14 തിയ്യതി 23.02.2015	3
2007-08	എൽ എഫ് എം 4/3169/14 തിയ്യതി 23.02.2015	13
2008-09	എൽ എഫ് എം 4/2235/14 തിയ്യതി 23.02.2015	5
2009-10	എൽ എഫ്എം4/2/13 തിയ്യതി23.02.2015	3
2010-11 2011-12 2012-13	എൽ എഫ് എം 4/439/14 തിയ്യതി 24.04.2014/17.05.2014	13
2013-14	എൽ എഫ് എം 4/2455/14 തിയ്യതി 05.11.2014	8
2014-15	കെ എസ് എ -എം പി എം 8/2561/2015 തിയ്യതി 27.11.15/07.12.15	5
2015-16	നം.കെ എസ് എ എം പി എം.8/552/2017 തിയ്യതി 18.03.2017	14
2016-17	നം.കെ എസ് എ എം പി എം.8/2526/2017 തിയ്യതി 06.12.2017	7
2017-18	നം.കെ എസ് എ എം പി എം.8/380/2019 തിയ്യതി 26.04.2019	11
2018-19	കെ.എസ്.എ.എം.പി.എം.8/1258/2020 തീയതി. 28-10-20	16
2019-20	കെ.എസ്.എ.എം.പി.എം.8/1492/2022 തീയതി. 30-06-22	9
2020-21	കെ.എസ്.എ.എം.പി.എം.8/1493/2022 തീയതി. 01-07-22	10
2021-22	കെ.എസ്.എ.എം.പി.എം.8/2877/2022 തീയതി. 10-05-23	21
2022-23	കെ.എസ്.എ.എം.പി.എം.8/1952/2023 തീയതി. 28.11.2024	27
2023-24	കെ.എസ്.എ.എം.പി.എം.8/2647/2024 തീയതി. 07-07-25	15

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 03/1 dated 03/1 dated 20-06-2025 and submitted on 27-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Tanur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tanur Block Panchayat as on 31-03-2025

Date: 11/02/2026 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Tanur Block Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.All the papers as per accounting rules are not included in the annual accounts.

i. Ratios

ii. Notes on accounts

iii. Comparative amounts

2. Total cash flow amount in the cash flow statement does not match with the amount entered as the difference between opening balance and closing balance.

3. Asset register has not been upto dated

4. Negative figures included in balance sheet.

5. Expenditure incurred using funds like central finance commission grant varies in annual financial statements as compared to sulekha statement

6. Audit recovery register has not been produced for audit.

7.Calculation Statement of depreciation of Assets is not produced for verification.

8.Capital contribution amount shown in balance sheets as on 31.03.2024 and 31.03.2025 are the same.

9. Non disclosure of liability with respect to the bank balance opened for specific purposes.

10. Closing balance of various Grant in B4 schedule of balance sheet is different from B 17 schedule of Bank accounts.

11. Receipt and balance of rent as per rent register can not be found matching with concerned items in AFS.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്